ഫോറം നമ്പർ 7
[ചട്ടം 18(1) കാണുക]

## വകുപ്പ് 11 (1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം

എ) 2-43/2013 തീയതി : 14/06/2017

കേരള സർക്കാർ 09.12.2015-)ം തീയതിയിലെ സ.ഉ.(സാധാരണ) നമ്പർ 649/2015/റവ.വിജ്ഞാപനം പ്രകാരം 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ കാക്കനാട്, കൊച്ചി മെട്രോ നമ്പർ-1 സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും;

കൊച്ചി മെട്രോ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി കൊച്ചി മെട്രോ (എൽ എ) ഡെപ്യൂട്ടി കളക്ടറെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും;

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത്, കൊച്ചി മെട്രോ റെയിൽ പ്രോജക്ടിന്റെ തൈക്കൂടം സബ് സ്റ്റേഷനു വേണ്ടിയും പേട്ട സ്റ്റേഷനു വേണ്ടിയും ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കുമെന്നോ ജില്ലാ കളക്ടർക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും;

ഇപ്പോൾ തന്മൂലം, അതുമായി ബന്ധപ്പെട്ട എല്ലാപേർക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-)ം വകുപ്പ് (1)-)ം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലയ്ക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള സ്ഥലങ്ങളുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ടിട്ടുള്ള കക്ഷികൾ അവരുടെ ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ, ഇതു സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷ്യൽ തഹസിൽദാർ (എൽ എ) നമ്പർ 1 കൊച്ചി മെട്രോ, കാക്കനാട് മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും സ്ഥലത്തിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്.

ടി സ്ഥലം 24.01.2015, 21.12.2015,തീയതികളിൽ ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറി പണി ആരംഭിച്ചിരിക്കുന്ന സാഹചര്യത്തിൽ, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തിയിട്ടില്ലാത്തതാണ്.

# പട്ടിക

ജില്ല - എറണാകുളം

താലൂക്ക് - കണയന്നൂർ

വില്ലേജ് - പൂണിത്തുറ

(ഏകദേശം വിസ്തീർണ്ണമാണ് ചേർത്തിരിക്കുന്നത്)

| ക്രമ നമ്പർ | സർവ്വെ നമ്പർ | വിവരണം | വിസ്തീർണം (ഹെആർ. ച.മീ) | ഉടമസ്ഥർ | പൊതു ആവശ്യത്തിന്റെ സ്വഭാവം | ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 1187/1 | പുരയിടം | 0.1619 | (1) ടി.വി.നാരായണൻ (2) സുധ (3) രൂപ മുല്ലശ്ശേരി മഠം | തൈക്കൂടം സബ് സ്റ്റേഷൻ നിർമ്മാണം | തൈക്കൂടം സബ് സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച സ്ഥലമെടുപ്പ് |
| 2 | 1189/3 | പുരയിടം | 0.4066 | | | |
| 3 | 1191/2 | പുരയിടം | 0.0981 | ലക്ഷ്മി തട്ടേക്കാട് റോഡ് എറണാകുളം | | |
| 4 | 1191/3 | പുരയിടം | 0.0013 | | | |
| 5 | 1191/5 | പുരയിടം | 0.0360 | | | |
| 6 | 1191/7 | പുരയിടം | 0.0069 | | | |
| 7 | 1191/18 | പുരയിടം | 0.0238 | | | |
| 8 | 1308/4 | പുരയിടം | 0.0617 | ജോർജ്ജ് വർഗ്ഗീസ് മാത്യൂ പടിക്കമെണ്ണിൽ | പേട്ട സ്റ്റേഷൻ നിർമ്മാണം | പേട്ട സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച സ്ഥലമെടുപ്പ് |
| 9 | 1308/4 | പുരയിടം | 0.0120 | അന്നമ്മ ഡാനിയേൽ, മറിയാമ്മ റോയ് ജോർജ്ജ് വർഗീസ് മാത്യു പടിക്കമെണ്ണിൽ | | |

സ്പെഷ്യൽ തഹസിൽദാർ (എൽ.എ) നമ്പർ 1,
കൊച്ചി മെട്രോ റെയിൽ പ്രോജക്ട്.

കാക്കനാട്